കെ. എസ്. ആർ. ടി. സി ബസുകൾക്ക് ലീഫ് സെറ്റ് വിതരണം ചെയ്യുന്ന കമ്പനികൾ

120 (819) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസുകൾക്ക് ലീഫ് സെറ്റ് വിതരണം ചെയ്യുന്ന കമ്പനികൾ ഏതൊക്കെയാണ് ;

(ബി) ലീഫ് സെറ്റുകൾ വിതരണം ചെയ്യുന്നതിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) ലീഫ് സെറ്റുകളുടെ വിതരണകരാർ എത്ര വർഷത്തേക്കാണ് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി എന്തു തുകയ്ക്കുള്ള ലീഫ് സെറ്റ് വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ അശോക് ലെയ്‌ലാന്റ്, അകാൽ സ്പ്രിംഗ് ലുധിയാന ജോനാസ് വുഡ് ഹെഡ് ആന്റ് സൺസ് ചെന്നൈ എന്നീ കമ്പനികളാണ് ലീഫ് സെറ്റ് വിതരണം ചെയ്യുന്നത്. സ്പ്രിംഗ് സെറ്റ് വിതരണം ചെയ്യുന്നത് മുൻവർഷങ്ങളിൽ ജെയ് പാര ബോളിംഗ് സ്പ്രിംഗ്സ് മൊഹാലി, ജാം നാ ആട്ടോ ഡൽഹി, ഡക്കാൻ ആട്ടോസ്റ്റീൽ ചെങ്ങന്നൂർ ഫ്ളെക്സോൺ ഓട്ടോ കണ്ണൂർ തുടങ്ങിയ കമ്പനികളും വിതരണം ചെയ്തിരുന്നു.

(ബി) ഒ. ഇ. സ്റ്റാറ്റസുള്ള എ. എസ്. ആർ. ടി. യും റേറ്റ് കോൺട്രാക്റ്റ് വ്യവസ്ഥകൾ അനുസരിച്ചും അശോക് ലെയ്‌ലാന്റിന്റെ റേറ്റ് അനുസരിച്ചും കേരളത്തിനകത്തുള്ള എസ്. എസ്. ഐ. യൂണിറ്റുകൾക്ക് എ. എസ്. ആർ. ടി. യും റേറ്റ് കോൺട്രാക്റ്റ് വ്യവസ്ഥകൾ ബാധകമാക്കിയുമാണ് വാങ്ങുന്നത്.

(സി) കരാർ ഓരോ വർഷത്തേയ്ക്കാണ് നൽകുന്നത്.

(ഡി) 8,86,54,009 രൂപ.

എഴുകോൺ ജംഗ്ഷനിൽ സൂപ്പർ ഫാസ്റ്റിന് ഫെയർ സ്റ്റേജ്

121 (820) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം - കൊട്ടാരക്കര റൂട്ടിലെ എഴുകോൺ ജംഗ്ഷനിൽ സൂപ്പർ ഫാസ്റ്റിന് ഫെയർ സ്റ്റേജ് അനുവദിക്കുന്നതു സംബന്ധിച്ച് നിവേദനം കെ. എസ്. ആർ. ടി. സി. ക്ക് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) എഴുകോണിൽ സൂപ്പർ ഫാസ്റ്റിന് ഫെയർ സ്റ്റേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly